"ഭരണഭാഷ-മാതൃഭാഷ"

# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം

ഉത്തരവ് നമ്പർ. E1-6215/13/Kdis. തീയതി: 14..05..2013

================================ =======================

വിഷയം:- സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- ശ്രീമതി. ബ്രിജിത്. ഇ, ശിശുവികസന പദ്ധതി ആഫീസർ, തിരൂരങ്ങാടി-അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ഈ ആഫീസിലെ 05/02/2013ലെ ഇതേ നമ്പർ ഉത്തരവ്.
2) തിരൂരങ്ങാടി ശിശുവികസന പദ്ധതി ആഫീസർ ശ്രീമതി. ബ്രിജിത്ത്. ഇ യുടെ 01/02/2013ലെ അവധി അപേക്ഷ.

തിരൂരങ്ങാടി ശിശുവികസന പദ്ധതി ആഫീസർ ശ്രീമതി. ബ്രിജിത്. ഇ ചികിത്സയ്ക്കായി 28/02/2013 വരെ പരാമർശം (1) പ്രകാരം വിനിമയ അവധി അനുവദിച്ചിരുന്നു. പരാമർശം (2) പ്രകാരം 01/03/2013 മുതൽ 14/04/2013 വരെയും, 15/04/2013 മുതൽ 29/05/2013 വരെയും ചികിത്സയ്ക്കായി അർദ്ധവേതന അവധി അനുവദിക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ അവധി അപേക്ഷ പരിഗണിച്ച് തിരൂരങ്ങാടി ശിശുവികസന പദ്ധതി ആഫീസർ ശ്രീമതി. ബ്രിജിത്. ഇ യ്ക്ക് ചികിത്സയ്ക്കായി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 01/03/2013 മുതൽ 14/04/2013 വരെയുള്ള അവധിയുടെ തുടർച്ചയായി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, 15/04/2013 മുതൽ 29/05/2013 വരെ അർദ്ധവേതന അവധി അർഹതാവിധേയമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തിരൂരങ്ങാടി ശിശുവികസന പദ്ധതി ആഫീസർ ശ്രീമതി. ബ്രിജിത്. ഇ അവധിയിൽ പ്രവേശിച്ചില്ലായിരുന്നുവെങ്കിൽ ഇതേ തസ്തികയിൽ തന്നെ തുടരുമായിരുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്നു.

തിരൂരങ്ങാടി ശിശുവികസന പദ്ധതി ആഫീസർ ശ്രീമതി. ബ്രിജിത്. ഇ യുടെ അവധിക്കാലത്ത് തിരൂരങ്ങാടി ശിശുവികസന പദ്ധതി ആഫീസറുടെ പൂർണ്ണ അധികച്ചുമതല ടി ഐ.സി.ഡി.എസ്.ലെ സൂപ്പർവൈസർ ശ്രീമതി. ജയശ്രീ. എം വഹിക്കേണ്ടതാണ്.

(ഒപ്പ്)
**സാമൂഹ്യക്ഷേമ ഡയറക്ടർ**

1) ശ്രീമതി. ബ്രിജിത്. ഇ,
ശിശുവികസന പദ്ധതി ആഫീസർ, തിരൂരങ്ങാടി.
2) ശ്രീമതി. ജയശ്രീ. എം
സൂപ്പർവൈസർ, ICDS പ്രോജക്ട്, തിരൂരങ്ങാടി.

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ, കേരള തിരുവനന്തപുരം
2. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ, മലപ്പുറം.
3. ജില്ലാ പ്രോഗ്രാം ആഫീസർ, മലപ്പുറം.
4. സ്റ്റോക്ക് /സ്പെയർ.
5. ഇ2-ഇ13

ഉത്തരവിൻ പ്രകാരം,
സൂപ്രണ്ട്